# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/130/2018 2018 ജൂൺ 19

## പത്രക്കുറിപ്പ്

**പുതുക്കിയ പരീക്ഷാ തീയതി**

ജൂൺ 19ന് നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നാം സെമസ്റ്റർ ബി.എൽ.ഐ.എസ്.സി. (2017 അഡ്മിഷൻ റഗുലർ/2009 - 2016 അഡ്മിഷൻ സപ്ലിമെന്ററി - അഫിലിയേറ്റഡ് കോളേജുകളും ഡിപ്പാർട്ട്മെന്റുകളും) പരീക്ഷ ജൂൺ 29ന് നടത്തുന്നതിനായി പുതുക്കി നിശ്ചയിച്ചു. മറ്റ് പരീക്ഷകൾ ടൈംടേബിൾ പ്രകാരം മാറ്റമില്ലാതെ നടക്കുന്നതാണ്.

ഒന്നാം സെമസ്റ്റർ ബി.എൽ.ഐ.എസ്.സി. (2016 അഡ്മിഷൻ സപ്ലിമെന്ററി - ഡിപ്പാർട്ട്മെന്റ് മാത്രം) പരീക്ഷകളുടെ പുതുക്കിയ തീയതികൾ പിന്നീട്.

**എം.ബി.എ.: എസ്.സി./എസ്.ടി. സംവരണ സീറ്റൊഴിവ്**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിൽ 2018-19 അദ്ധ്യയന വർഷത്തേയ്ക്കുള്ള എം.ബി.എ. കോഴ്സിൽ എസ്.സി./എസ്.ടി. വിഭാഗത്തിൽ മൂന്നു വീതം സീറ്റുകൾ ഒഴിവുണ്ട്. ബിരുദവും കെമാറ്റ് (KMAT) അല്ലെങ്കിൽ കാറ്റ് (KAT)/അല്ലെങ്കിൽ സിമാറ്റ് (CMAT) പരീക്ഷയിൽ ഏതെങ്കിലും ഒന്നിൽ യോഗ്യത നേടിയവരുമായ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട താല്പര്യമുള്ള വിദ്യാർത്ഥികൾ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ സഹിതം ജൂൺ 27ന് രാവിലെ 10 മണിക്ക് സർവ്വകലാശാലാ കാമ്പസിലുള്ള സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിൽ നേരിട്ട് ഹാജരാകണം. വിശദവിവരങ്ങൾക്ക് ഫോൺ: 0481 - 2732288.

**ബി.ടെക് സൂക്ഷ്മപരിശോധന**

2017 നവംബർ മാസത്തിൽ നടന്ന ഏഴ്, എട്ട് സെമസ്റ്റർ ബി.ടെക് പരീക്ഷയുടെ വിവിധ പേപ്പറുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ച വിദ്യാർത്ഥികൾ ജൂൺ 20 മുതൽ 23 വരെ സർവ്വകലാശാലയിലെ സിൽവർ ജൂബിലി പരീക്ഷാഭവനിലെ റൂം നമ്പർ 222ൽ അസ്സൽ തിരിച്ചറിയൽ രേഖകളുമായി എത്തിച്ചേരണം.

**പരീക്ഷാഫലം**

2018 മെയ് മാസത്തിൽ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ. ഗാന്ധിയൻ സ്റ്റഡീസ്, ഡെവലപ്മെന്റ് സ്റ്റഡീസ് (സി.എസ്.എസ്. റഗുലർ ആന്റ് ഇംപ്രൂവ്മെന്റ്)(സോഷ്യൽ സയൻസസ്) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2018 ജനുവരി മാസത്തിൽ സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.ടി.ടി.എം. (സി.എസ്.എസ്., മാനേജ്മെന്റ് സയൻസസ്) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2018 മാർച്ച് മാസത്തിൽ മുട്ടം എസ്.സി.എം.എസ്. സ്കൂൾ ഓഫ് ടെക്നോളജി & മാനേജ്മെന്റിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്.സി. ബോട്ടണി & ബയോടെക്നോളജി (സി.ബി.സി.എസ്.എസ്. യു.ജി., മോഡൽ 3, ഡബിൾ മെയിൻ)(2015 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 3 വരെ അപേക്ഷിക്കാം.

**സിവിൽ സർവ്വീസ് എൻട്രൻസ് പരീക്ഷ**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ്ലോങ്ങ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ വകുപ്പിന്റെ കീഴിലുള്ള സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ എൻട്രൻസ്

പരീക്ഷയുടെ ഉത്തരസൂചിക, സ്കോർഷീറ്റ് എന്നിവ പ്രസിദ്ധീകരിച്ചു. 60 കുട്ടികളുടെ സെലക്ഷൻ ലിസ്റ്റ് സംവരണചട്ടങ്ങൾ പാലിച്ച് പിന്നീട് പ്രസിദ്ധീകരിക്കും. പരീക്ഷാഫലം www.mgu.ac.in, www.dllemgu.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്. വിശദവിവരങ്ങൾക്ക് ഫോൺ: 0481 - 2731560, 2731724.

**എൻ.എസ്.എസ്. പരിശീലനപരിപാടി**

'ക്ലീൻ കാമ്പസ് ഗ്രീൻ കാമ്പസ് എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട് മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള കോട്ടയം ജില്ലയിലെ എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാർക്ക് ജൂലൈ 21ന് നൽകുവാൻ നിശ്ചയിച്ചിരുന്ന പരിശീലനപരിപാടി, അന്നേദിവസം അന്താരാഷ്ട്ര യോഗാദിനമായതിനാൽ, ജൂലൈ 26ലേക്ക് മാറ്റിവച്ചു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**